പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4925 14.11.2019 ൽ മറുപടിയ്ക്ക്

## രാമൻതുരുത്തിൽ താമസിക്കുന്നവർക്ക് പട്ടയം

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കൊച്ചിൻ കോർപ്പറേഷന്റെ 1-ാം ഡിവിഷനിൽപ്പെട്ട രാമൻതുരുത്തിൽ (വല്ലാർപാടം കണ്ടെയിനർ ടെർമിലിനു സമീപം) 150 വർഷത്തിലേറെയായി താമസിക്കുന്ന 5 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ; | (എ)യും (ബി) യും ടി സ്ഥലത്തെ കൈവശക്കാരായ 5 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളതാണ്. പരിശോധനയിൽ 5 കുടുംബങ്ങളും രാമൻതുരുത്തിൽ പലഭാഗങ്ങളിലായി താമസിച്ചു വരുന്നു. നിലവിലെ കൈവശ പ്രകാരം പട്ടയം അനുവദിക്കുകയാണെങ്കിൽ ബാക്കിയുള്ള സർക്കാർ ഭൂമി സർക്കാർ പദ്ധതികൾക്ക് ഉപയുക്തമാക്കുന്നതിന് വിഘാതമാകുന്നതാണ്. ആയതിനാൽ ടി അപേക്ഷകരെ പുതുവൈപ്പ് വില്ലേജ് റീസർവ്വെ 300/1 ൽ പ്പെട്ട 50 സെന്റ് ഭൂമിയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടയം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ